**മധുരമായ കുട്ടികളേ – നിങ്ങളുടെ ഈ ജന്മം വളരെയധികം അമൂല്യമാണ്, കാരണം സ്വയം ബാബ ഈ സമയത്ത് നിങ്ങളുടെ സേവനം ചെയ്യുന്നുണ്ട്, ലക്ഷ്യമാകുന്ന സോപ്പ് കൊണ്ട് നിങ്ങളുടെ വസ്ത്രം കഴുകി വൃത്തിയാക്കുന്നു.**

**ചോദ്യം** – അള്ളാഹുവിനെ സൃഷ്ടിയുടെ രചയിതാവെന്നു പറയുന്നവരോട് ഏതൊരു ചോദ്യമാണ് ചോദിക്കേണ്ടത്?
**ഉത്തരം** – അവരോട് ചോദിക്കൂ – അള്ളാഹു സൃഷ്ടി രചിക്കുമ്പോൾ രചിക്കുന്നതിനായി ഒരു സ്ത്രീ ആവശ്യമാണ്, അപ്പോൾ അള്ളാഹുവിന്റെ സ്ത്രീ ആരാണ്? ഗോഡ്ഫാദർ എന്നു പറയുന്നു എങ്കിൽ തീർച്ചയായും അമ്മയും ആവശ്യമാണല്ലോ. നിങ്ങൾ കുട്ടികൾ ഈ ഗുഹ്യമായ രഹസ്യത്തെ നല്ല രീതിയിൽ മനസ്സിലാക്കുന്നു. അള്ളാഹുവിന്റെ സ്ത്രീയാണ് ഈ ബ്രഹ്മാവ്. ഇതാണ് നിങ്ങളുടെ വലിയ അമ്മ. ഈ കാര്യങ്ങളൊന്നും തന്നെ മനുഷ്യർക്കു മനസ്സിലാക്കാൻ സാധിക്കില്ല.

**ഗീതം** – ആരാണ് ഈ കളിയെല്ലാം തന്നെ രചിച്ചത്........

**ഓംശാന്തി**. കുട്ടികൾക്ക് അറിയാം ഏതൊരു മനുഷ്യർക്കും ഈ ഗീതത്തിന്റെ യഥാർത്ഥ അർത്ഥത്തെ മനസ്സിലാക്കാൻ സാധിക്കില്ല. നാടകത്തെ ഉണ്ടാക്കുന്നവർക്കും അറിയില്ല. എങ്ങനെയാണോ ശാസ്ത്രങ്ങൾ നിർമ്മിച്ചത് അതുപോലെത്തന്നെ ഗീതവും രചിക്കുന്നു. ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. നിങ്ങൾ വേദങ്ങളെക്കുറിച്ച് പറയുന്നു – ഇത് ധർമ്മ ശാസ്ത്രമല്ല. ശാസ്ത്രമെന്നു പറയും പക്ഷേ ധർമ്മ ശാസ്ത്രമെന്നു പറയുകയില്ല. ധർമ്മ ശാസ്ത്രത്തിലൂടെ എന്തെങ്കിലും പ്രയോജനം വേണമല്ലോ. ധർമ്മ ശാസ്ത്രത്തിന്റെ അർത്ഥം പോലും മനസ്സിലാക്കുന്നില്ല. ശാസ്ത്രം അർത്ഥം ഏതിലൂടെയാണോ ഏതെങ്കിലും ധർമ്മത്തിന്റെ സ്ഥാപന ആരെങ്കിലും മുഖേന ഉണ്ടാകുന്നത്. അപ്പോൾ ചോദിക്കണം വേദങ്ങളും ഉപനിഷത്തുകളും ഏതു ധർമ്മത്തിന്റെ ശാസ്ത്രമാണ്? ആ ധർമ്മം ആരിലൂടെയാണ് സ്ഥാപിക്കപ്പെട്ടത്? അതിലൂടെയൊന്നും ഒരു ധർമ്മത്തിനും ഉത്ഭവിക്കാൻ സാധിക്കുകയില്ല. ഏതെല്ലാം ധർമ്മങ്ങളുണ്ട് എന്നുള്ളതും മനസ്സിലാക്കി തന്നിട്ടുണ്ട്. എങ്ങനെയാണോ വൃക്ഷത്തിൽ മുഖ്യമായുള്ളത് തായ്ത്തടി, പിന്നീട് വലിയ ശാഖ, അതിനു ശേഷം ചെറിയ ചെറിയ ശാഖകൾ ഉണ്ടാകുന്നു. അപ്പോൾ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു – സർവ്വ ശാസ്ത്ര ശിരോമണിയായ ഗീതയെയാണ് തായ്ത്തടി എന്നു വിശേഷിപ്പിക്കുന്നത്. അതിനുശേഷം ബാക്കിയെല്ലാം തന്നെ രചനയാണ്. ഈ ഇസ്ലാമി, ബൗദ്ധി, ക്രിസ്ത്യൻ ഇവയെല്ലാം തന്നെ കല്പവൃക്ഷത്തിന്റെ ശാഖകളാണ്. ഗീതയിൽ എഴുതപ്പെട്ടിട്ടുണ്ട് – മനുഷ്യസൃഷ്ടിയാകുന്ന വൃക്ഷമെന്ന്. അപ്പോൾ ഈ വൃക്ഷത്തിന്റെ രഹസ്യം ഇപ്പോഴാണ് ബുദ്ധിയിൽ ഇരിക്കുന്നത്. ഇതിന്റെ മുഖ്യമായ ശാഖയാണ് – ആദിസനാതനാ ദേവീ-ദേവതാധർമ്മം. ഈ വൃക്ഷം ആൽമരവുമായി തുലനം ചെയ്യാറുണ്ട്. അത് വളരെ വലുതാണ്. വൃക്ഷം പഴകുമ്പോൾ തായ്ത്തടി ജീർണ്ണിച്ചു പോകുന്നു, ബാക്കി ശാഖോപശാഖകൾ മാത്രം അവശേഷിക്കുന്നു. ഇവിടെയും അങ്ങനെത്തന്നെയാണ്. കുട്ടികൾക്ക് അറിയാം ഇതിന്റെ തായ്ത്തടിയായ ദേവീദേവതാധർമ്മം ഇപ്പോഴില്ല. പരമാത്മാവ് 24 അവതാരങ്ങളെടുക്കുന്നുണ്ട് എങ്കിൽ സർവ്വവ്യാപിയാകുന്നില്ല. അവതാരമെടുക്കുന്നു എങ്കിൽ എങ്ങനെ സർവ്വവ്യാപി എന്നു പറയും? പുതിയ കാര്യമല്ലേ. എത്ര വലിയ വൃക്ഷമാണ്! തായ്ത്തടി തന്നെയില്ല! ഒരു മനുഷ്യർക്കും ഞങ്ങൾ ആദിസനാതന ദേവി-ദേവതാധർമ്മത്തിലേതാണെന്നു പറയാൻ സാധിക്കുകയില്ല.

സത്യയുഗം ലക്ഷകണക്കിനു വർഷങ്ങൾക്കു മുമ്പാണെന്നു പറഞ്ഞു. ഇത് എത്ര ബുദ്ധിമുട്ടുള്ള കാര്യമായിമാറി! ഇപ്പോൾ എല്ലാ മനുഷ്യരും ദു:ഖിതരായിത്തീർന്നു. ആർക്കു സുഖിയായിരിക്കാൻ സാധിക്കും? സന്യാസിമാരുടെ ബുദ്ധിയിൽ പോലും ഇത് വരുകയില്ല ഇവിടെ കാകവിഷ്ട സമാനം സുഖമാണ്, അളവറ്റ ദു:ഖമാണെന്ന്. അവർക്ക് ഇതിനെക്കുറിച്ചൊന്നും തന്നെ അറിയുന്നില്ല. ഇപ്പോൾ ബാബ പറയുന്നു – നിങ്ങളെ അളവറ്റ സുഖത്തിലേക്ക് കൊണ്ടു പോവുകയാണെന്ന്. ഈ സമയം ബാബ തന്റെ പാർട്ട് അഭിനയിച്ച് സർവ്വതും ചെയ്ത് പിന്നീട് സ്വയം മറഞ്ഞിരിക്കുകയാണ്. എല്ലാവരും പാർട്ട് അഭിനയിക്കുന്നുണ്ടെങ്കിലും. ഇസ്ലാമികളും ബുദ്ധമതത്തിലുള്ളവരും എല്ലാവരും മറയുന്നു, എല്ലാവരും മുകളിലേക്കു പോകുന്നു. ഇതൊന്നും തന്നെ ആർക്കും അറിയുന്നില്ല. മനുഷ്യർക്കു തന്നെയാണ് മനസ്സിലാക്കി തരുന്നത്. മൃഗങ്ങൾക്കു പറഞ്ഞു കൊടുക്കില്ലല്ലോ. മനുഷ്യന്റെ ജന്മത്തെയാണ് ഏറ്റവും ഉയർന്നതെന്ന് പറയുന്നത്. അത് ഏത് ജന്മമാണ്? മനുഷ്യന്റെ തോലുപോലും ഉപയോഗത്തിലേക്കു വരുന്നില്ല എന്ന് പറയാറുണ്ട്.

എന്നിട്ട് പറയുന്നു മനുഷ്യ ജന്മമാണ് ഉത്തമമെന്ന്. വാസ്തവത്തിൽ നിങ്ങളുടെ ഈ ജന്മമാണ് ഏറ്റവും ഉത്തമം. ഈശ്വരൻ നിങ്ങളുടെ സേവ ചെയ്യുന്നു. ലോകത്തിലുള്ള മനുഷ്യരുടെ ഈ ജീവിതം അധമമാണ്. നിങ്ങൾക്ക് അറിയാം നമ്മളും ആദ്യം മോശമായ വസ്ത്രമുള്ള(ശരീരം) മനുഷ്യരായിരുന്നു. ഇപ്പോൾ ബാബ നിങ്ങളുടെ വസ്ത്രത്തെ ലക്ഷ്യമാകുന്ന സോപ്പിലൂടെ അലക്കുന്നു, എന്നിട്ട് പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ.

ഈ ലോകത്തിൽ ആർക്കും തന്നെ ബാബയെക്കുറിച്ച് അറിയുന്നില്ല. അച്ഛനെക്കുറിച്ച് അറിഞ്ഞാലല്ലേ കുട്ടിയായിത്തീരൂ. ശിവന്റേതായി മാറി, ബ്രാഹ്മാവിന്റേതുമായിത്തീർന്നാലെ പേരക്കുട്ടി എന്നു പറയൂ. ബ്രാഹ്മണരും രണ്ടു പ്രകാരത്തിലുണ്ട് – ഒന്ന് ശരീരവംശാവലി, രണ്ട് മുഖവംശാവലി. നിങ്ങൾ ബ്രഹ്മാവിന്റെ മുഖവംശാവലി ബ്രഹ്മാകുമാരി കുമാരന്മാരാണ്. ബ്രാഹ്മാവിന്റെ അച്ഛനാരാണ്? ശിവബാബ. ശിവബാബക്ക് അച്ഛനില്ല. ആ ബാബ തന്നെയാണ് നിങ്ങളെ പഠിപ്പിക്കുന്നത്. നിങ്ങളുടെ ഗുരുവും ബാബയാണ്. ഇപ്പോൾ സമ്മുഖത്ത് ഇരിക്കുന്നു, പിന്നീട് മറഞ്ഞിരിക്കുന്നു. പതിത ലോകത്തെ പാവനമാക്കി, ദേവതാധർമ്മത്തിന്റെ സ്ഥാപന നിർവ്വഹിച്ച്, എല്ലാവരെയും മുക്തിധാമത്തിലേക്ക് കൊണ്ടു പോകും. 21 ജന്മത്തേക്കുള്ള സുഖം നൽകിക്കഴിഞ്ഞാൽ പിന്നെ എന്താണ് ആവശ്യം! ബാബ സദാ സുഖിയാക്കിയാണ് മാറ്റുന്നത്. ബാക്കി ഉയർന്ന പദവി നേടുന്നതിനായി പുരുഷാർത്ഥം ചെയ്യണം.

കൃഷ്ണപുരിയെയാണ് സുഖധാമം എന്നു പറയുന്നത്. നാരായണന്റെ കുട്ടിക്കാലത്തെക്കുറിച്ച് കാണിക്കുന്നില്ല. കൃഷ്ണന്റെ സ്വയംവരം കാണിക്കുന്നുണ്ട്. അഥവാ രാധയുമായാണ് സ്വയംവരം നടന്നത് എങ്കിൽ അവരുടെ പേര് എന്തായാണ് മാറിയത് എന്നത് കാണിക്കുന്നില്ല. ലക്ഷ്മി–നാരായണനാണ് എന്നുള്ളത് മനുഷ്യർക്ക് അറിയുകയില്ല. അവരുടെ ജീവചരിത്രത്തെക്കുറിച്ച് ആർക്കും തന്നെ അറിയുന്നില്ല. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നു. കോടിയിൽ ചിലർ മാത്രമേ വരുകയുള്ളൂ, ആരാണോ മുഴുവൻ ചക്രവും പൂർത്തിയാക്കിയത്. നിങ്ങൾക്ക് ഇതും അറിയാം ആരാണ് ആദ്യം പൂജ്യ അവസ്ഥയിൽ നിന്നും പൂജാരിയായിത്തീർന്നത് അവരാണ് ഭക്തി ചെയ്യുന്നത്. എല്ലാവരും ഭക്തരാണ്. കടുകുമണികളെപ്പോലെയാണ് മനുഷ്യർ. നിങ്ങൾക്ക് അറിയാം അവർ എല്ലാവരും തന്നെ ഇപ്പോൾ മരണത്തിന്റെ വക്കിലാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വളരെ നല്ല ബുദ്ധി ലഭിച്ചിട്ടുണ്ട്. 84 ജന്മങ്ങളുടെ ചക്രം ബുദ്ധിയിൽ വെക്കാൻ വളരെ എളുപ്പമാണ്. നമ്മൾ ഇപ്പോൾ ബ്രാഹ്മണരാണ്. നാം തന്നെയാണ് ദേവതകളായിത്തീരുന്നത്, പിന്നീട് നമുക്കു തന്നെ 84 ജന്മങ്ങൾ എടുക്കേണ്ടതായി വരും. ഹംസൊ സൊഹം എന്നുള്ളതിന്റെ അർത്ഥവും കുട്ടികൾക്ക് മനസ്സിലായി. ഇവിടെത്തന്നെയാണ് ആ മഹിമ. മറ്റൊരു ധർമ്മത്തിലും ആ മഹിമയില്ല. ഓം എന്ന വാക്കിനർത്ഥം ഈശ്വരനാണെന്നു മനസ്സിലാക്കുന്നു. വാസ്തവത്തിൽ ഓം എന്ന വാക്കിനർത്ഥം ഞാൻ ആത്മാവാണെന്നാണ്. അവർ പിന്നീട് തലകീഴായി പറഞ്ഞു ആത്മാ സൊ പരമാത്മാവെന്ന്. ശരി, പിന്നെന്താണ്? നമ്മൾ ശരീരം തന്നെയല്ല. പരമപിതാവായ പരമാത്മാവിന് ഇങ്ങനെ പറയാൻ സാധിക്കുകയില്ല ഞാൻ ആത്മാവാണെന്നും ഇത് എന്റെ ശരീരമാണെന്നും. ബാബ പറയുന്നു ഞാൻ ആത്മാവു തന്നെയാണ്. ഞാൻ ഈ ശരീരം ലോണായി എടുത്തിരിക്കുകയാണ്. ഇത് എന്റെ ചെരുപ്പല്ല. എനിക്ക് കാലു തന്നെയില്ല. എന്റെ ചരണങ്ങൾക്ക് പൂജ ലഭിക്കുന്നില്ല. കൃഷ്ണന് ചരണങ്ങളുണ്ട്, എനിക്കില്ല. ഞാൻ നിരാകാരനാണ്. ആത്മാവും നിരാകാരി തന്നെയാണ്. പക്ഷേ ആത്മാവ് 84 ജന്മങ്ങളിലേക്ക് വരുന്നുണ്ട്. എനിക്ക് ശരീരം തന്നെയില്ല, ഞാൻ അശരീരിയാണ്. നിങ്ങളോടും ഞാൻ പറയുന്നു, അശരീരിയായി എന്നെ മാത്രം ഓർമ്മിക്കൂ. നിങ്ങൾക്ക് അറിയാം ബാബ വന്നിരിക്കുകയാണ്. ബാബയുടെ പാർട്ട് എന്താണ്? പതിത സൃഷ്ടിയെ പാവനമാക്കി മാറ്റുക. നിരാകാരൻ തീർച്ചയായും ഒരു ശരീരത്തിലേക്ക് വരുക തന്നെ ചെയ്യും. മനുഷ്യർക്ക് അറിവില്ലാത്തതു കാരണം അവർ പേര് വെച്ചത് –ആദ്യത്തെ രാജകുമാരനായ ശ്രീകൃഷ്ണന്റേതാണ്. ഇപ്പോൾ ശ്രീകൃഷ്ണന് ഇവിടേക്ക് എങ്ങനെ വരാൻ സാധിക്കും? ഇത് മനസ്സിലാക്കി പിന്നീട് മനസ്സിലാക്കി കൊടുക്കണം.

ടാഗോർ മുതലായവരുടെ ഗീതയെ എത്ര പുകഴ്ത്തിയിരുന്നു! വാസ്തവത്തിൽ കൃഷ്ണന് മഹിമയില്ല. കൃഷ്ണനെയും സൃഷ്ടിക്കുന്നത് ശിവബാബയാണ്. ഇത് കൃഷ്ണന്റെ വളരെ ജന്മം കഴിഞ്ഞുള്ള അന്തിമ ജന്മമാണ്. ബാബ പറയുന്നു – ചെറിയ കുട്ടിയുടെ ശരീരത്തിലിരുന്നു കൊണ്ട് ഞാൻ എങ്ങനെ മനസ്സിലാക്കി തരും? തീർച്ചയായും അനുഭവി രഥം ആവശ്യമാണ്. ഡ്രാമ അനുസരിച്ച് ഈ രഥമാണ് വാടകയ്ക്ക് എടുത്തത്. അടുത്ത കല്പത്തിൽ വേറെ രഥം എടുക്കുകയില്ല. ബ്രഹ്മാവിലൂടെയാണ് സ്ഥാപിക്കുന്നത്. കല്പം മുമ്പും നിങ്ങൾ ബ്രഹ്മാകുമാർ–കുമാരിമാർ ബ്രഹ്മാവിലൂടെയാണ് സമ്പത്ത് എടുത്തത്. ഇപ്പോൾ ബാബ പറയുന്നു മറ്റുള്ള സംഗമെല്ലാം തന്നെ ഉപേക്ഷിച്ച് എന്നെ മാത്രം ഓർമ്മിക്കൂ. എന്റേത് ഒരേയൊരു ശിവബാബ രണ്ടാമതാരും തന്നെയില്ല. അങ്ങ് മാതാ പിതാവാണ്..... എത്രത്തോളമാണ് ഭഗവാന്റെ മഹിമ,

നിങ്ങൾ ബാബയുടെ സമ്മുഖത്താണ് ഇരിക്കുന്നത്. ചിന്തിക്കൂ ഞങ്ങൾ ആരുടെ രചനയാണെന്ന്? പറയുന്നു – അള്ളാഹു രചിച്ചു എന്ന്. അപ്പോൾ തീർച്ചയായും അള്ളാഹുവിന് ഒരു സ്ത്രീയുണ്ടാവുമോ? അള്ളാഹു നിരാകാരനാണ്, നിരാകാരന് എങ്ങനെ സ്ത്രീയുണ്ടാകാനാണ്. നിങ്ങൾ ഗോഡ്ഫാദർ എന്നു പറയുന്നു എങ്കിൽ അച്ഛൻ എപ്പോഴും രചയിതാവായിരിക്കും. അമ്മയില്ല എങ്കിൽ അവരെ എങ്ങനെ അച്ഛൻ എന്നു പറയും? കുട്ടികൾക്ക് ജന്മം നൽകിയാലല്ലേ അമ്മയുണ്ടെന്നു പറയൂ. ഇത് ആർക്കും തന്നെ അറിയില്ല ഗോഡ് ഫാദറിന്റെ സ്ത്രീ ആരാണെന്ന്. ഇതെല്ലാം വളരെ ഗുഹ്യമായ കാര്യങ്ങളാണ്. ആദം ബീബി രണ്ടുപേരുമുണ്ട്. ബ്രഹ്മാവിനെ ആദം എന്നു പറയുന്നു എങ്കിൽ സരസ്വതിയെ എന്തുകൊണ്ട് ബീബി എന്നു പറഞ്ഞുകൂടാ. അവർ ബീബിയാണെങ്കിൽ പിന്നെ അവരുടെ അമ്മ ആരാണ്? ഇതെല്ലാം തന്നെ വളരെയധികം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാബ തന്നെയാണ് എല്ലാം മനസ്സിലാക്കി തരുന്നത്. ആ കണക്കിൽ നോക്കുകയാണെങ്കിൽ ബ്രഹ്മാവ് എന്റെ സജിനിയാണ്. ബ്രഹ്മാവിന്റെ വായിലൂടെ നിങ്ങൾ കുട്ടികളെ രചിക്കുന്നു. ബ്രഹ്മാവിന്റെ ശരീരത്തിലേക്ക് പ്രവേശിക്കുന്നു. എല്ലാവരെയും സംരക്ഷിക്കുന്നതിനു വേണ്ടി ജഗദംബ നിമിത്തമാണ്. ആദിദേവനായ ബ്രഹ്മാവും, ജഗദംബസരസ്വതിയും ആരാണ്? വിവേകം പറയുന്നു, ബ്രഹ്മാവിന്റെ പുത്രിയാണെന്ന്. അപ്പോൾ എങ്ങനെ രചിച്ചു? ബ്രഹ്മാവിലൂടെ രചിച്ചതുകൊണ്ട് ഇതാണ് വലിയ അമ്മ. പിന്നീട് സംരക്ഷിക്കുന്നതിനു വേണ്ടി മമ്മയും ബാബയുമുണ്ട്. സരസ്വതി ആദ്യനമ്പറിലേക്ക് പോകും. ജഗദംബയ്ക്ക് എത്ര മഹിമയാണ്! ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിക്കഴിഞ്ഞു നമ്മൾ തന്നെ ബ്രാഹ്മണരായി മാറി. നമ്മൾ ഈശ്വരന്റെ മടിത്തട്ടിലേക്ക് വന്നിരിക്കുകയാണ്. ഇതിലും രണ്ടു പ്രകാരത്തിലുള്ളവരുണ്ട് – ഒന്നാനമ്മയുടെ കുട്ടികളും, രണ്ടാനമ്മയുടെ കുട്ടികളും. ഒരേയൊരു അമ്മയുടെ മക്കളാണ് പിന്നെങ്ങനെ ഒന്നാനമ്മയുടെയും രണ്ടാനമ്മയുടേയുമായിത്തീരും. ഇവിടെ എന്തുകൊണ്ട് അങ്ങനെ പറയുന്നു? ഒന്നാനമ്മയുടെ കുട്ടികൾ പ്രതിജ്ഞയെടുക്കും, നമ്മൾ പവിത്രമായി സമ്പത്തെടുക്കുമെന്ന്. അങ്ങനെയുള്ള പവിത്രമായ കുട്ടികൾ മാത്രമേ സിംഹാസനധാരിയായി അവകാശിയായിമാറൂ. രണ്ടാനമ്മയുടെ കുട്ടികൾ പ്രജകളായിത്തീരും. ഒന്നാനമ്മയുടെ കുട്ടികളിലും നമ്പർവൈസാണ്. ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അവർ മാതാപിതാവിന്റെ സിംഹാസനധാരിയായിത്തീരും. മമ്മ– ബാബ സിംഹാസനധാരിയായി എങ്കിൽ നമുക്കും ലഭിക്കണമല്ലോ. പക്ഷേ നമ്പർ വൈസാണ്. ഇത് ഓർമ്മയുടെ യാത്രയാണ്. ബാബയെ ഓർമ്മിക്കണം, സ്വദർശനചക്രത്തെ കറക്കണം, തനിക്കു സമാനമാക്കി മാറ്റണം. തനിക്കു സമാനമാക്കി മാറ്റുന്നതിൽ പ്രയത്നിക്കണം. പെൺകുട്ടികൾ പരിചയം നൽകി ബാബയുടെ അടുത്തേക്ക് റീഫ്രെഷാക്കുന്നതിനുവേണ്ടി കൊണ്ടു വരാറുണ്ട്. ബാബ കാണുന്നുണ്ട് – ആരെല്ലാമാണ് ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടുന്നത്, മറ്റെല്ലാ വശത്തു നിന്നും മമത്വത്തെ ഇല്ലാതാക്കി ഒരു വശത്തേക്കു മാത്രം വെക്കുന്നത്? ബാബ നമ്മെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു എന്ന് അറിയാം. ബാബ പറയുന്നു ഞാൻ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കിയാണ് മാറ്റുന്നത്. പിന്നീട് സൂര്യവംശിയായാലും, ചന്ദ്രവംശിയായലും അത് നിങ്ങളുടെ ഇഷ്ടം.

അപ്പോൾ ബാബ സർവ്വതും ചെയ്തുകൊണ്ട് സ്വയം മറഞ്ഞിരിക്കുന്നു. ഇടയ്ക്കിടെ അവതാരങ്ങൾ എടുക്കുന്നില്ല. ബാബക്ക് തന്റേതായ ശരീരമില്ല. ബാബ ഒരേയൊരു പ്രാവശ്യം മാത്രമേ വരുന്നുള്ളൂ. നിങ്ങൾ ഇടയ്ക്കിടെ ഒരു ശരീരത്തെ ഉപേക്ഷിച്ചുകൊണ്ട് വേറൊന്നെടുത്തു കൊണ്ടിരിക്കുന്നു. ഞാൻ ഒരിക്കലും പുനർജന്മത്തേക്ക് വരുന്നില്ല. എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. മുമ്പ് ഈ കാര്യങ്ങളൊന്നും തന്നെ ബുദ്ധിയിൽ ഉണ്ടായിരുന്നില്ല. അനായാസം വീട്ടിലിരിക്കെത്തന്നെ മുന്നോട്ടു പോകവേ ബാബ പ്രവേശിച്ചു പിന്നീടാണ് അറിഞ്ഞത്. ഓരോ ദിവസം കൂടുന്തോറും എല്ലാ കാര്യങ്ങളും ബുദ്ധിയിലിരിക്കും. പറയുന്നു ഞാൻ 7 ദിവസത്തെ കുട്ടിയാണ്, രണ്ടു മാസത്തെ കുട്ടിയാണ്. ഈ ജ്ഞാനം സെക്കന്റിൽ ലഭിക്കാൻ കഴിയും. എത്ര കുട്ടികളാണ്! ഇത്രയ്ക്കും കുട്ടികളുള്ള മറ്റൊരു സത്സംഗവും ഉണ്ടായിരിക്കുകയില്ല. പ്രജാപിതാബ്രഹ്മാവും സരസ്വതിയും ബാബയുടെ കുട്ടികളാണ്, അല്ലാതെ ഭാര്യയും ഭർത്താവുമല്ല. ഒരു സ്ത്രീയ്ക്കും പുരുഷനും ഇത്രയ്ക്ക് മക്കളെ എങ്ങനെ ജന്മം നൽകാൻ സാധിക്കും! ഇവിടെ ശരീരവംശാവലിയുടെ കാര്യം തന്നെയില്ല. ആരാണോ കല്പം മുമ്പ് മാതാപിതാവിന്റേതായി സമ്പത്ത് നേടിയത് അവർ തന്നെയാണ് വന്നുകൊണ്ടിരിക്കുന്നത്. തൈ നട്ടുകൊണ്ടിരിക്കുന്നുണ്ട്. പൂന്തോട്ടമല്ലേ. ഇപ്പോൾ ദേവീദേവതാധർമ്മത്തിന്റെ പുഷ്പം തന്നെയില്ല. ബാക്കി എല്ലാം തന്നെ മുള്ളുകളാണ്. മുള്ള് കുത്തിക്കൊണ്ടിരിക്കുന്നു. ഇത് മുള്ളുകളുടെ ലോകമാണ്. ബാബ വന്ന് മുള്ളിൽ നിന്നും പൂമൊട്ടും, പൂമൊട്ടിൽ നിന്നും പുഷ്പങ്ങളാക്കിയും മാറ്റുന്നു. ശ്രീമത്തിലൂടെ മുന്നോട്ടു പോകുന്നില്ലെങ്കിൽ പിന്നീട് വീണുപോകുന്നു. ബാബ മനസ്സിലാക്കുന്നു – ഇവർ വികാരത്തിൽ വീണുപോയെന്ന്. ഇപ്പോൾ നിങ്ങൾ പതിതത്തിൽ നിന്നും പാവനമായിത്തീരുന്നു. ഗാന്ധിജിയും പതിതപാവനനെ ഓർമ്മിച്ചിരുന്നു. ഒരേയൊരു സർവ്വശക്തനായ ഭഗവാന്റെ രാജ്യം വേണമെന്ന് ആഗ്രഹിച്ചിരുന്നു. അത് ബാബ തന്നെയാണ് സ്ഥാപിക്കുന്നത്. നിങ്ങൾക്ക് അറിയാം ഇപ്പോൾ നമ്മൾ കംസപുരിയിൽ നിന്നും കൃഷ്ണപുരിയിലേക്ക് പോവുകയാണ്. ഭാരതത്തിൽ

സത്യയുഗമായിരുന്നു, ലക്ഷ്മിനാരായണന്റെ രാജ്യമായിരുന്നു. 5000 വർഷങ്ങൾക്കു മുമ്പത്തെ കാര്യമാണ്. 5000 വർഷത്തേക്കാളും പഴക്കമുള്ള ഒരു വസ്തുവും ഉണ്ടായിരിക്കുകയില്ല. ലക്ഷക്കണക്കിനു വർഷങ്ങൾ പഴക്കമുള്ള ഒരു വസ്തുവും ഉണ്ടായിരിക്കുകയില്ല. നോക്കൂ നിങ്ങൾ വയസ്സായ മാതാക്കൾ ഗുഡ്ഗാവിൽ നിന്നും വന്നിരിക്കുകയാണ് മാതാപിതാവിന്റെ അടുത്തേക്ക്, ആരിൽ നിന്നാണോ സമ്പത്ത് ലഭിക്കേണ്ടത്. ബാബയും വൃദ്ധരായ മാതാക്കളെക്കണ്ട് വളരെയധികം സന്തുഷ്ടനാണ്. 5000 വർഷങ്ങൾക്കു മുമ്പും വന്ന് സമ്പത്ത് നേടിയിരുന്നു. മുഴുവൻ ആധാരവും പുരുഷാർത്ഥത്തിലാണ്. നിങ്ങൾ വയസ്സായ മാതാക്കൾക്ക് ഇത്രയ്ക്ക് ജ്ഞാനത്തെ എടുക്കാൻ സാധിക്കില്ല. ഈ ദാദ വൃദ്ധനാണെങ്കിലും വളരെ നന്നായി പഠിക്കുന്നുണ്ട്. നിങ്ങൾ മനസ്സിലാക്കുന്നു, യുവതിയായ സരസ്വതിയാണ് വളരെ നന്നായി പഠിക്കുന്നതെന്ന്. ഇവർ ബ്രഹ്മപുത്ര നദിയാണ്. തീർച്ചയായും കൂടുതൽ പഠിച്ചിട്ടുണ്ടാവും. ഈ വൃദ്ധനാണ് ഏറ്റവും തീവ്രഗതിയിൽ മുന്നോട്ട് പോകുന്നത്. ഇവരുടെ മകളാണ് സരസ്വതി. വൃദ്ധർക്ക് വളരെ സഹജമാണ്. ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ. ഓഹോ! ശിവബാബാ സമർപ്പണമാകാം, അങ്ങ് സുഖധാമത്തിലേക്ക് കൊണ്ടുപോകൂ. മതി, ഇത്രയ്ക്കും സന്തോഷത്തിലിരിക്കുകയാണെങ്കിൽ ദു:ഖത്തിന്റെ തോണി അക്കരെ കടക്കും. എപ്പോഴും മനസ്സിലാക്കൂ ശിവബാബയാണ് മനസ്സിലാക്കി തരുന്നതെന്ന്. ഇവരെ വിടൂ. ഇങ്ങനെത്തന്നെ മനസ്സിലാക്കൂ, ശിവബാബയാണ് കേൾപ്പിക്കുന്നതെന്ന്, ബുദ്ധിയോഗം ശിവബാബയുടെ അടുത്തേക്ക് വെക്കുന്നതിലൂടെ വികർമ്മം വിനാശമാകുന്നു. മമ്മയും ശിവബാബയിൽ നിന്നും കേട്ടിട്ടാണ് കേൾപ്പിക്കുന്നത്. സദാ ഒരേയൊരു ശിവബാബയുടെ തന്നെ ഓർമ്മയിലിരിക്കുകയാണെങ്കിൽ വികർമ്മം നശിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. സിംഹാസനധാരിയും പക്കാ അവകാശിയുമായി മാറുന്നതിനുവേണ്ടി പവിത്രതയുടെ പ്രതിജ്ഞ ചെയ്ത് ഒന്നാനമ്മയുടെ കുട്ടിയായിത്തീരണം. മറ്റുള്ള സംഗത്തെ ഉപേക്ഷിച്ച് ഒരേയൊരു സംഗത്തിലേക്ക് യോജിക്കണം

2. തനിക്കു സമാനമാക്കി മാറ്റാനുള്ള സേവ ചെയ്യണം. മുള്ളിൽ നിന്നും പൂമൊട്ടും, പൂമൊട്ടിൽ നിന്നും പുഷ്പങ്ങളുമായി മാറണം, ആക്കി മാറ്റണം. പുതിയ വൃക്ഷത്തിന്റെ തൈ നട്ട് പിടിപ്പിക്കണം.

## വരദാനം:- കർമ്മത്തിന്റെ ഗുഹ്യഗതിയുടെ ജ്ഞാതാവായി ധർമ്മരാജപുരിയിലെ ശിക്ഷകളിൽ നിന്ന് രക്ഷപ്പെടുന്ന വികർമ്മാജീത്തായി ഭവിക്കട്ടെ.

ശിക്ഷകളുടെ അനുഭവം തന്നെയാണ് ധർമ്മരാജപുരിയെന്ന് പറയുന്നത്, അല്ലാതെ ധർമ്മരാജപുരിയെന്ന ഒരു വേറെ സ്ഥലമൊന്നും ഇല്ല, അവസാന സമയം തങ്ങളുടെ ചെയ്തുപോയ പാപങ്ങൾ യമദൂതന്റെ ഭയപ്പെടുത്തൽ രൂപത്തിൽ മുന്നിൽ വരുന്നു. ആ സമയത്ത് പശ്ചാത്താപത്തിന്റെയും വൈരാഗ്യത്തിന്റെയും വേളയായിരിക്കും, ചെറിയ-ചെറിയ പാപങ്ങൾ പോലും ഭൂതങ്ങളെപ്പോലെ തോന്നിക്കും. പശ്ചാത്താപത്തിന്റെ അയ്യോ-അയ്യോ വിളികളുണ്ടാകും, അതിനാൽ ആ ശിക്ഷകളുടെ അനുഭവങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി കർമ്മങ്ങളുടെ ഗുഹ്യഗതിയുടെ ജ്ഞാതാവായി മാറി സദാ ശ്രേഷ്ഠകർമ്മം ചെയ്യൂ, അങ്ങനെ വികർമ്മാജീത്തായി മാറൂ.

## സ്ലോഗൻ:- ആരാണോ ശരീരം-മനസ്സ്-ധനത്തിലൂടെ ബാബയിൽ പൂർണ്ണമായി സമർപ്പണമാകുന്നത് അവർ തന്നെയാണ് കഴുത്തിലെ മാലയായി മാറുന്നത്.